**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5505** **05-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ കായിക പരിശീലനം നിർബന്ധമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ഭൂരിഭാഗം അപ്പർ പ്രൈമറി സ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും കായിക അദ്ധ്യാപകർ ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ കായിക പരിശീലനം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (യു.പി), ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (എച്ച്.എസ്.) എന്നീ രണ്ട് തസ്തികകളിലാണ് കേരളത്തിൽ കായികാധ്യാപക നിയമനം നടന്നുവരുന്നത്. 500 കുട്ടികളാണ് യു.പി സ്കൂളുകളിൽ കായികാധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡം. ഹൈസ്കൂളുകളിൽ 8,9 ക്ലാസുകൾ പരിഗണിച്ച് ആഴ്ചയിൽ 5 പീരീഡ് ഉണ്ടെങ്കിൽ ഒരു തസ്തിക അനുവദിക്കുന്നു. (കെ.ഇ.ആർ. പ്രകാരം) നിലവിലെ കേരള വിദ്യാഭ്യാസ നിയമത്തിന് വിധേയമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും കായിക അധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭിക്കുന്നതിനുവേണ്ടി ക്ലസ്റ്റർ അടിസ്ഥാനത്തിൽ അധ്യാപകരുടെ നിയമനം നടത്തുന്നത് സംബന്ധിച്ച സജീവമായ ആലോചനകൾ സർക്കാർ നടത്തിവരികയാണ്. |
| (ബി) | വിദ്യാലയങ്ങളിൽ കുട്ടികളുടെ ആരോഗ്യവും കായിക ക്ഷമതയും ഉറപ്പുവരുത്താനായി കായിക പരിശീലനം നിർബന്ധമാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികൾക്ക് കായിക രംഗത്ത് മികവ് നിലനിർത്തുന്നതിനുതകുന്ന രീതിയിൽ വിദഗ്ധ കായിക പരിശീലനം നൽകിവരുന്നുണ്ട്.<br><br>കേരളത്തിലെ പൊതുവിദ്യാലയത്തിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസം ഫലപ്രദമായി ലഭിക്കുവാൻ കഴിയുന്ന രീതിയിലുള്ള വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം നൽകുന്നതിനായി ഹെൽത്തി കിഡ്സ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. അപ്പർ |

| | | | |
|---|---|---|---|
| | | | പ്രൈമറി, ഹൈസ്കൂൾ എന്നീ തലങ്ങളിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ പ്രധാന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ആക്ടിവിറ്റി ബുക്ക്, ടീച്ചർ ടെസ്റ്റ് ബുക്ക് എന്നിവ സമഗ്രമായ രീതിയിൽ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇവ ഫലപ്രദമായ രീതിയിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ വിനിമയം ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ